**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1862** **09-12-2022 - ൽ മറുപടിയ്ക്ക്**

**ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പാറശാല മണ്ഡലത്തിലെ ഏതൊക്കെ പ്രദേശത്ത് ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | പാറശാല മണ്ഡലത്തിലെ പാറശാല കൃഷിഭവൻ പരിധിയിൽപ്പെട്ട മലങ്കര ബിഷപ്പ് ഹൗസിൽ പച്ചക്കറി കൃഷി വികസന പദ്ധതിയിലും, വെള്ളറട കൃഷിഭവൻ പരിധിയിൽ 2014-15 സാമ്പത്തിക വർഷത്തിൽ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY-PDMC) പ്രകാരവും ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ; അതിന്റെ നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ; | (ബി) | പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന – പെർ ഡ്രോപ്പ് മോർ ക്രോപ്പ് (മൈക്രോ ഇറിഗേഷൻ) [PMKSY-PDMC(MI)] പദ്ധതി പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതമായി പദ്ധതി തുകയുടെ 55% വരെ കർഷകർക്ക് സബ്സിഡി നൽകി ഡ്രിപ്പ് ഇറിഗേഷൻ രീതി വ്യാപിപ്പിക്കുക എന്നതാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. ചെറുകിട നാമമാത്ര കർഷകർക്ക് 55%, മറ്റ് കർഷകർക്ക് 45% എന്നിങ്ങനെയാണ് ആനുകൂല്യം നൽകുന്നത്. ബാക്കി തുക ഗുണഭോക്തൃ വിഹിതവുമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. ഒരു ഗുണഭോക്താവിന് പരമാവധി 5 ഹെക്ടർ എന്ന പരിധിയിൽ ധനസഹായം പരിമിതപ്പെടുത്തിയിട്ടുണ്ട്.<br><br>PMKSY- PDMC (MI) പദ്ധതിയിൽ സമർപ്പിക്കേണ്ട അപേക്ഷ ഫോറം ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നും, കൃഷിഭവൻ മുഖേനയും കർഷകർക്ക് ലഭിക്കും. അപേക്ഷയോടൊപ്പം നിർദ്ദിഷ്ട രേഖകളും സമർപ്പിക്കേണ്ടതാണ്.<br><br>അപേക്ഷ സമർപ്പിച്ചതിനു ശേഷം PMKSY-PDMC(MI) പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൈക്രോ ഇറിഗേഷൻ ഡീലർമാരുടെ ലിസ്റ്റിൽ നിന്ന് താല്പര്യമുള്ള ഡീലറെ അപേക്ഷകന് തിരഞ്ഞെടുക്കാം. തിരഞ്ഞെടുക്കപ്പെടുന്ന ഡീലർ കർഷകന്റെ ഭൂമി |

| | | | |
|---|---|---|---|
| | | | സന്ദർശിച്ച്, അളവുകൾ എടുത്ത് മൈക്രോ ഇറിഗേഷൻ സംവിധാനത്തിന്റെ എൻജിനീയറിങ് ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറിങ് കാര്യാലയത്തിൽ സമർപ്പിക്കുന്നു. ടി കാര്യാലയത്തിലെ എഞ്ചിനീയർ സ്ഥലം സന്ദർശിച്ച ശേഷം ഡിസൈൻ വിലയിരുത്തി അംഗീകാരം നൽകുന്നതോടെ ഡീലർക്കും കർഷകനും വർക്ക് പെർമിറ്റ് നൽകുന്നു. പ്രവൃത്തി പൂർത്തിയാക്കിയ ശേഷം കർഷകർ തൃപ്തികരമായി പ്രവൃത്തി പൂർത്തീകരിച്ചതായി രേഖാമൂലം അറിയിക്കുമ്പോൾ, എഞ്ചിനീയർ സ്ഥല സന്ദർശനം നടത്തി, ബില്ലുകൾ പരിശോധിച്ച് മൂല്യനിർണയം നടത്തുന്നു. യഥാർത്ഥത്തിൽ ചെലവഴിച്ച തുക, മൂല്യനിർണയ തുക ഇവയിൽ ഏതാണോ കുറവ് ആയതിന്റെ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. |
| (സി) | ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി പ്രകാരം പാറശാല മണ്ഡലത്തിൽ സബ്സിഡി ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) | ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി പ്രകാരം പാറശാല മണ്ഡലത്തിൽ മലങ്കര ബിഷപ്പ് ഹൗസിൽ പച്ചക്കറി കൃഷി വികസന പദ്ധതിയിലെ ഡ്രിപ്പ് ഇറിഗേഷൻ പ്രകാരം 62,000 രൂപയും, പോളി ഹൗസ് എസ്.എച്ച്.എം പദ്ധതി പ്രകാരം ശ്രീമതി ജയസുധയ്ക്ക് (പരശുവയ്ക്കൽ) 26,000 രൂപയും, പച്ചക്കറി വികസന പദ്ധതിയിലെ ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ പ്രകാരം ശ്രീമതി ബിന്ദു (വൈകുണ്ഠം, കൊടവിളാകം) വിന് 7500 രൂപയും, PMKSY-PDMC (SHM) പദ്ധതി പ്രകാരം ശ്രീ. സുമേദൻ ബിന്ദു (വൈകുണ്ഠം, കൊടവിളാകം) ന് 62824 രൂപയും നൽകിയിട്ടുണ്ട്. |
| (ഡി) | ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിക്കുവേണ്ടി കർഷകർ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (ഡി) | PMKSY- PDMC (MI) പദ്ധതിയിൽ സമർപ്പിക്കേണ്ട അപേക്ഷ ഫോറം ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നും, കൃഷിഭവൻ മുഖേനയും കർഷകർക്ക് ലഭിക്കും. അപേക്ഷ പൂരിപ്പിച്ച് ആധാർ കാർഡിന്റെ കോപ്പി, തൻവർഷത്തെ കരം തീർത്ത രസീത് (സ്ഥലം പാട്ടത്തിനെടുത്ത് കൃഷിചെയ്യുന്ന കർഷകർ ഏഴ് വർഷത്തെ പാട്ടക്കരാറും), ബാങ്ക് പാസ് ബുക്കിന്റെ കോപ്പി, പാസ്പോർട്ട് സൈസ് ഫോട്ടോ, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (ആവശ്യമെങ്കിൽ) എന്നിവ സഹിതം ബന്ധപ്പെട്ട കൃഷിഭവനിലോ, ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലോ സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ